# എ.കെ അബ്ദുർറഹ്മാൻകുട്ടി

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന്റെ ആദ്യ കാല പ്രവർത്തകനും എടപ്പാളിലെ പ്രാദേശിക അമീറുമായിരുന്ന എ.കെ അബ്ദുർറഹ്മാൻ കുട്ടി സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി. എടപ്പാളിൽ പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വൈജ്ഞാനികമായ പങ്ക് വഹിക്കുകയുണ്ടായി. ആധുനിക ശാസ്ത്ര വിഷയങ്ങൾ ഇസ്‌ലാമിക കാഴ്ചപ്പാടിൽ ക്ലാസുകളിലൂടെ അദ്ദേഹം അവതരിപ്പിക്കുമായിരുന്നു. അമുസ്‌ലിം സഹോദരന്മാർ ഉൾപ്പെടെ വലിയൊരു സൗഹൃദ വൃത്തം അദ്ദേഹം കാത്തു സൂക്ഷിച്ചിരുന്നു. സർഗാത്മക മേഖലയിലും അദ്ദേഹം കഴിവ് തെളിയിച്ചു. വിവേകവും വിജ്ഞാനവും കുട്ടികളിലും മുതിർന്നവരിലും പകർന്ന് നൽകിയ സഹൃദയ കവി കൂടിയായിരുന്നു എ.കെ. 1960ൽ 'നവോദയ സാഹിത്യ സമാജം' എന്ന സംഘടനാ രൂപീകരണത്തിൽ പങ്ക് വഹിക്കുകയും അതിന്റെ കീഴിൽ നടത്തിയിരുന്ന 'സുപ്രഭാതം' എന്ന മാസികയിൽ 'ചുറ്റും നോക്കൂ' എന്ന ആദ്യ കവിത പ്രസിദ്ധീകരിക്കുകയും ചെയ്തു. 1969 മുതൽ എടവനക്കാട് ഇർശാദിയാ മദ്റസയിൽ 12 വർഷം അധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1975 മുതൽ ബാലരമ, ബാലയുഗം, ചന്ദ്രിക ആഴ്ചപ്പതിപ്പ്, വീക്ഷണം ബാലപംക്തി, മലർവാടി മാസിക എന്നിവയിൽ 'അബൂനവാസ് എടപ്പാൾ' എന്ന തൂലികാ നാമത്തിൽ കഥകളും കവിതകളും എഴുതിയിരുന്നു. പിന്നീട് കുറെകാലം നിർത്തിവെച്ച എഴുത്തു പത്ത് വർഷങ്ങൾക്ക് മുമ്പ് വീണ്ടും സജീവമായി. കുട്ടികൾക്കായി 'ആകാശ



പ്പൊയ്ക' എന്ന കവിതാ സമാഹാരം എടപ്പാൾ അൽനൂർ സ്കൂളിന്റെ വാർഷിക യോഗത്തോടനുബന്ധിച്ച് 2008ൽ പുറത്തിറക്കി. 'നവകം' മാസികയിൽ സ്ഥിരമായി കവിതകൾ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്ഥാന നായകന്മാരുടെ വിയോഗങ്ങളിലും സമ്മേളനങ്ങളെ കുറിച്ചും *പ്രബോധന*ത്തിൽ കവിതകൾ വന്നിട്ടുണ്ട്. ഭാര്യ വളാഞ്ചേരി സ്വദേശിനിയും ജ.ഇ സ്ഥാപക മെമ്പറായ കുഞ്ഞമ്മദ് മൊല്ലയുടെ മകളുമായ ഫാത്വിമ. മക്കൾ: ഷാക്കിറ, നൗഷാദ് (ഷാർജ), ഷാനവാസ് (അബൂദബി), സ്വദീഖ, ഷമീമ. കരുണാവാരിധിയായ നാഥൻ അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കട്ടെ – ആമീൻ

**എ. അബുല്ലൈസ് എടപ്പാൾ**

# പി. ബുഷ്റ എടത്തനാട്ടുകര

**അലനല്ലൂർ** ഏരിയയിലെ ഏക ജമാഅത്ത് വനിതാ അംഗവും 12 വർഷത്തോളം വനിതാ വിഭാഗം ഏരിയാ കൺവീനറും എടത്തനാട്ടുകര വനിതാ വിഭാഗത്തിന്റെ നാസിമത്തും ആയിരുന്ന സഹോദരി ബുഷ്റ(43) പ്രസ്ഥാന പ്രവർത്തകരെ തീരാ ദുഃഖത്തിലാക്കി അല്ലാഹുവിങ്കലേക്ക് യാത്രയായി.

ജീവിത വിശുദ്ധിയും സ്വഭാവ മേന്മയും സേവന പ്രവർത്തനങ്ങളും കൊണ്ട് പ്രദേശത്തെ എല്ലാവരുടെയും സ്നേഹാദരവുകൾ ഏറ്റുവാങ്ങിയ സഹോദരിയായിരുന്നു. മാരകമായ രോഗത്തിന് വിധേയയായിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടും തന്റെ ഈമാനികമായ ആത്മധൈര്യം സഹോദരിക്ക് കരുത്ത് നൽകി. എല്ലാം മറന്ന് പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായി. ആശുപത്രി കിടക്കയിൽ ഖുർആനും സാഹിത്യങ്ങളും വായിക്കാൻ സമയം കണ്ടെത്തി. ആശുപത്രി ജീവനക്കാർക്ക് പ്രസ്തുത പുസ്തകങ്ങൾ വായിക്കാൻ കൊടുത്തു. അതുവഴി ലഭിച്ച ആത്മസംതൃപ്തി മേഖലാ നാസിം സാദിഖ് മൗലവിയോട് വികാര ഭരിതയായി പറയുകയുണ്ടായി. രോഗമു



ള്ളപ്പോൾ തന്നെയാണ് കുറ്റിപ്പുറം വനിതാ സമ്മേളനത്തിൽ കുടുംബസമേതം പങ്കെടുത്തത്. അവരുടെ വേർപാട് ഏരിയയിലെ വനിതാ ഘടകങ്ങൾക്ക് തീരാനഷ്ടമാണ്. ഭർത്താവ് സി.ടി അബൂബക്കർ മാസ്റ്റർ കോട്ടപ്പള്ള ഹൽഖാ നാസിമും മുൻ ഏരിയ ഓർഗനൈസറുമാണ്. അല്ലാഹു അവർക്ക് മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ.

**ടി. അബ്ദുൽ റഷീദ് മാസ്റ്റർ**
**എടത്തനാട്ടുകര**